# പതിനാലാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3244
### 11.05.2017 ലെ മറുപടിയ്ക്ക്

### ട്രഷറികൾ ആധുനികവൽക്കരിക്കുവാൻ നടപടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ശ്രീ. റ്റി. എം. തോമസ് ഐസക്ക്** |
| (എ) | സംസ്ഥാനത്തെ ട്രഷറികൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന വ്യക്തമാ ക്കാമോ; | സംസ്ഥാനത്തെ ട്രഷറികൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി രണ്ട് പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.<br><br>1.. ട്രഷറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP-Treasury Infrastructure Development Project)<br>2. ട്രഷറികളുടെ പ്രവർത്തനങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഷ്ക്കരിക്കുന്നതിനുള്ള സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS-Integrated Financial Management System)<br><br>അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 10 ട്രഷറികൾ നിർമ്മിക്കുന്നതിനുള്ള തത്ത്വത്തിലുള്ള ഭരണാനുമതി ഇതിനോടകം സർക്കാർ നൽകിക്കഴിഞ്ഞു. സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം ട്രഷറികളിൽ നടപ്പിലാക്കിക്കഴിഞ്ഞു |
| (ബി) | ഇവയെ ഉപഭോക്തൃ സൗഹൃദവും വയോജന സൗഹൃദവുമാക്കുവാൻ നടപടി സ്വീകരിക്കുമോ; പൊതുജനങ്ങളെ ആകർഷിക്കുവാൻ പറ്റുന്ന തരത്തിൽ ട്രഷറികളെ മാറ്റുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | ട്രഷറികളെ ഉപഭോക്തൃ സൗഹൃദവും വയോജന സൗഹൃദവുമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതോടുകൂടി ട്രഷറികൾ ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളായി മാറിക്കഴിഞ്ഞു. ട്രഷറി ഇടപാടുകാരുടെ സൗകര്യാർത്ഥം കോർബാങ്കിങ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഓൺലൈൻ സേവനങ്ങൾ നൽകാനുള്ള പദ്ധതിയും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. മൊബൈൽ ബാങ്കിങ് ഉൾപ്പടെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള എല്ലാ സൗകര്യങ്ങളും ഇടപാടുകാർക്ക് നൽകാനുള്ള നടപടിയും പുരോഗമിക്കുന്നു.<br>ട്രഷറികൾ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കേന്ദ്രീകൃത പെൻഷൻ ഡാറ്റാബേസ് (PIMS) |

| | | |
|---|---|---|
| | | നടപ്പിലാക്കിക്കഴിഞ്ഞു. കൂടാതെ പെൻഷൻകാർക്ക് വേണ്ടിയുള്ള യൂസർ ക്രെഡൻഷ്യൽസ് ഉപയോഗിച്ച് അവരുടെ പെൻഷൻ വിശദാംശങ്ങൾ "പെൻഷൻ പോർട്ടൽ" മുഖാന്തിരം അറിയുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. സംസ്ഥാനത്തെ ഏത് ട്രഷറിയിൽ നിന്നും പെൻഷൻ വാങ്ങുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്. |
| (സി) | ജീവനക്കാരുടെ മനോഭാവം മാറ്റുവാൻ ആവശ്യമായ പരിശീലനം നൽകുമോ; | ജീവനക്കാരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപഭോക്തൃ സൗഹൃദ മനോഭാവം സൃഷ്ടിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള തുടർ പരിശീലനങ്ങൾ എല്ലാ ജീവനക്കാർക്കും നൽകുന്ന പദ്ധതി തുടരുന്നു. |
| (ഡി) | വൈദ്യുതി ബിൽ, വെള്ളക്കരം, സ്കൂൾ ഫീസ് തുടങ്ങിയവ അടയ്ക്കുവാനും സേവനങ്ങൾ മൊബൈൽ ഫോൺ മുഖേന നൽകുവാനുള്ള സൗകര്യങ്ങളും സേവിങ്സ് ബാങ്ക് എ.ടി.എം. സംവിധാനവും ട്രഷറിയിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | വൈദ്യുതി ബിൽ, വെള്ളക്കരം തുടങ്ങിയ "യൂട്ടിലിറ്റി പേയ്മെന്റ്സ്" അടക്കുവാനും സേവനങ്ങൾ മൊബൈൽ ഫോൺ മുഖേന നല്കുവാനുമുള്ള സൗകര്യങ്ങൾ ട്രഷറികളിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം. ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ